മത്സ്യകൃഷിയിലൂടെ വർദ്ധിപ്പിച്ച മത്സ്യ ഉത്പാദനം

6 (1913) ശ്രീ. എം. കെ. മുനീർ :
ശ്രീ. നാലകത്ത് സൂപ്പി :
ശ്രീ. സി. മൊയിൻകുട്ടി :
ശ്രീ. ചെർക്കളം അബ്ദുള്ള :
ശ്രീ. എ. വി. അബ്ദുറഹിമാൻ ഹാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും ഗ്രാമവികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മത്സ്യ കൃഷിയിലൂടെ സംസ്ഥാനത്ത് വർദ്ധിപ്പിച്ച മത്സ്യ ഉല്പാദനം ഓരോ വർഷവും എത്രയായിരുന്നു ;

(ബി) ഇതിന്റെ ജില്ല തിരിച്ചുള്ള കണക്ക് വ്യക്തമാക്കാമോ ?

ഉത്തരം

(എ) മത്സ്യ കൃഷി പദ്ധതിയിലൂടെ 1996-97-ൽ 4139 ടണ്ണും 1997-98-ൽ 6110 ടണ്ണും, 1998-99-ൽ 13,734 ടണ്ണും മത്സ്യം അധികമായി ഉല്പാദിപ്പിച്ചു.

(ബി) ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധമായി ചേർത്തിട്ടുണ്ട്.†

ചെമ്മീൻ, കൊഞ്ച് എന്നിവയുടെ ഉല്പാദനം വർദ്ധിപ്പിക്കാൻ നടപടി

7 (1914) ശ്രീ. വി. ജെ. പൗലോസ് :
ശ്രീ. ജോർജ് ജെ. മാത്യു :
ശ്രീമതി ശോഭനാ ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും ഗ്രാമവികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തിന്റെ കടൽത്തീരത്ത് ഏതെല്ലാം വിധത്തിലുള്ള ചെമ്മീനും കൊഞ്ചുമാണ് കാണപ്പെടുന്നത് ;

(ബി) ഓരോ ഇനത്തിലും പെടുന്ന എത്ര ടൺ ചെമ്മീനും കൊഞ്ചും പ്രതി വർഷം ലഭിക്കുന്നുണ്ട് ;

(സി) ഇവയുടെ പ്രജനനം എപ്പോഴാണ് ;

(ഡി) മുൻകാലങ്ങളെ അപേക്ഷിച്ച് ഇപ്പോൾ ലഭിക്കുന്ന ചെമ്മീനും കൊഞ്ചും കുറവാണോ ;

(ഇ) ഇവയുടെ ഉല്പാദനം വർദ്ധിപ്പിക്കുവാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കാനുദ്ദേശിക്കുന്നു ?

ഉത്തരം

(എ, ബി, സി, ഡി & ഇ) വിവരം ശേഖരിച്ചു വരുന്നു.

† അനുബന്ധം II

LIBRARY ARCHIVES Kerala Legislative Assembly